>> കാഴ്ചപ്പാട്

കെ.ജെ നസ്റുൽ ഇസ്‌ലാം

# ഇസ്‌ലാമിക് ബാങ്കിംഗ് സഹകരണ പ്രസ്ഥാനങ്ങൾ വഴി

**ലോക** ഇടതുപക്ഷ ചേരി അപചയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും മുതലാളിത്തം പുത്തൻ സാമ്പത്തിക വ്യാപാര ഇടപെടലുകളിലൂടെ പലിശാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ പിൻബലത്തിൽ ആഗോളചൂഷണത്തിന്റെ പുതിയ കാൽവെപ്പുകൾക്കായി ആക്കം പിടിക്കുകയും ചെയ്യുന്ന എൺപതുകളുടെ തുടക്കത്തിലാണ് പലിശയെന്ന സാമൂഹിക വിപത്തിനെതിരെ രാജിയാകാൻ സാധിക്കാത്ത ഇസ്‌ലാമിക ലോകം വിശ്വാസത്തിന്റെ ആത്മബലം മാത്രം മൂലധനമാക്കി 'ഇസ്‌ലാമിക് ബാങ്ക്' എന്ന പരീക്ഷണത്തിന് മുതിരുന്നത്. കാൽനൂറ്റാണ്ടിനകം വിശ്വാസ്യതയുടെയും അവിശ്വാസനീയമായ വളർച്ച (മൂലധനത്തിലും ആസ്തിയിലും ഉപഭോക്താക്കളിലും)യുടെയും അഭൂതപൂർവമായ ഉന്നതി കൈവരിച്ച ഈ പ്രസ്ഥാനം അസ്തിത്വപ്രതിസന്ധി നേരിടുന്ന മുതലാളിത്ത സാമ്പത്തിക വ്യവസ്ഥക്ക് ബദലെന്ന നിലയിൽ പല ഉത്തരാധുനിക കൗതുക(Postmodern Pageant)ങ്ങളിലൊന്നായി അതിന്റെ മുന്നേറ്റം തുടരുകയാണ്. ഇന്ന് എണ്ണപ്പെട്ട മുതലാളിത്ത രാജ്യങ്ങളിലടക്കം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി മുൻനിര മുഖ്യധാരാ ബാങ്കുകൾ ഇസ്‌ലാമിക ബാങ്കിംഗ് കൗണ്ടറുകൾ ആരംഭിച്ചിരിക്കുന്നു.

ഇന്ത്യയിൽ തൊണ്ണൂറുകളിൽതന്നെ ഇസ്‌ലാമിക ബാങ്കുകൾക്കായുള്ള പല ചുവടുവെപ്പുകളും നടത്തിയിരുന്നു. ഇന്ന് കേരളത്തിലടക്കം രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിലായി ആയിരക്കണക്കിന് പലിശരഹിത സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയെല്ലാം ഇസ്‌ലാമിക പ്രമാണങ്ങളനുസരിച്ച് ലാഭ നഷ്ട വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവയാണെങ്കിലും ആധുനികമായ അർഥത്തിലുള്ള 'ബാങ്ക്' എന്ന നിലയിൽ ഇവയൊന്നും തന്നെ കണക്കാക്കപ്പെടുന്നില്ല. അവയുടെ നിയമപരമായ ഘടന കൊണ്ടും ഇടപാടുകളുടെ സ്വഭാവം കൊണ്ടും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ '1997 -ലെ ഭേദഗതി നിയമ' (Non Banking Finance Companies Reserve Bank Directives 1997 RBI (Amendment) ACt 1997) പ്രകാരമുള്ള പലിശരഹിത ധനകാര്യ സ്ഥാപനങ്ങളായാണ് ഇവയുടെ പ്രവർത്തനം നടക്കുന്നത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ മതഭേദമന്യെ എല്ലാ വിഭാഗങ്ങൾക്കും ഗുണകരമായ രീതിയിൽ പ്രവർത്തിച്ച് മുന്നേറുന്ന ഇസ്‌ലാമിക/പലിശരഹിത ബാങ്കുകൾ ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഒരു വിദൂര യാഥാർഥ്യമായി തുടരേണ്ടുന്ന പ്രത്യേകമായ നിയമ സാഹചര്യമാണ് ഇവിടെ നിലവിലുള്ളത്.

### ഇന്ത്യൻ സാഹചര്യം

ലോകത്തിലേറ്റവും കൂടുതൽ മുസ്‌ലിംകൾ അധിവസിക്കുന്ന രണ്ടാമത്തെ രാജ്യമെന്ന നിലയിലും ഇന്ത്യയുടേത് മാത്രമായ മറ്റു സാമൂഹിക സാമ്പത്തിക കാരണങ്ങളാലും നമ്മുടെ രാജ്യത്ത് ഇസ്‌ലാമിക ബാങ്കുകളുടെ വിവിധ സാധ്യതകൾ അതിന്റെ പ്രയോക്താക്കളെപ്പോലെ തന്നെ ഇന്ത്യയിലെ ഉൾക്കാഴ്ചയുള്ള ഭരണകർത്താക്കളും ഇതിനകം മനസ്സിലാക്കിയിട്ടുള്ളതാണ്. കഴിഞ്ഞ യു.പി.എ സർക്കാറിന്റെ ആദ്യനാളുകളിൽതന്നെ ധനതത്ത്വശാസ്ത്രജ്ഞൻ കൂടിയായ പ്രധാനമന്ത്രി മൻമോഹൻ സിംഗ് പ്രത്യേക താൽപര്യമെടുത്ത് ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. ആ പഠന റിപ്പോർട്ടിനെത്തു

ടർന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2006–ൽ മറ്റൊരു സമിതിയെ നിയോഗിക്കുകയും അതിന്റെ ശിപാർശകളനുസരിച്ച് നിലവിലെ ബാങ്കിംഗ് നിയമങ്ങളുടെ പരിധിയിൽ നിൽക്കുന്നില്ല എന്ന കാരണത്താൽ ഇന്ത്യയിൽ ഇസ്ലാമിക ബാങ്കുകൾ തുടങ്ങാനുള്ള അനുമതി നിഷേധിക്കുകയുമാണുണ്ടായത്. ഇതു പ്രകാരം ഇന്ത്യയിൽ മാത്രമല്ല, വിദേശത്തും ഇന്ത്യൻ ബാങ്കുകൾക്ക് ഇസ്ലാമിക് ബാങ്കുകളുടെ സേവനം നൽകാനുള്ള സാധ്യതകളും ഇല്ലാതായിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ മറ്റു റിപ്പോർട്ടുകളെല്ലാം ഔദ്യോഗികമായി പ്രസിദ്ധീകരിക്കപ്പെടുകയും പൊതുജനങ്ങൾക്ക് ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ എന്തുകൊണ്ട് ഈ റിപ്പോർട്ട് മാത്രം വെളിച്ചംകാണുന്നില്ല എന്ന ചോദ്യം ഇതിനകം തന്നെ ഉയർന്നു കഴിഞ്ഞിട്ടുണ്ട്.

2010 മാർച്ച് രണ്ടാം വാരത്തിലാണ് കേന്ദ്ര നിയമമന്ത്രാലയത്തിൽനിന്നും ഇതുമായി ബന്ധപ്പെട്ട് അവസാനമായി ഒരു വാർത്താ കുറിപ്പ് വന്നത്. ഇന്ത്യയിൽ ഇസ്ലാമിക് ബാങ്കുകൾക്ക് പ്രവർത്തനാനുമതി നൽകുന്ന നിയമനിർമാണങ്ങളൊന്നും തന്നെ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല എന്നാണ് അതിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇതിനിടയിൽ 2009–ൽ കേരള സർക്കാർ മുൻകൈ എടുത്ത് കേരളത്തിൽ നിന്നുള്ള പ്രവാസി വ്യവസായ പ്രമുഖരുടെ സഹകരണത്തോടെ ഏറെ പ്രതീക്ഷകളോടെ തുടക്കം കുറിച്ച ഇസ്ലാമിക് ബാങ്കുമായി സർക്കാർ സഹകരിക്കാൻ പാടുള്ളതല്ലെന്ന കേരള ഹൈക്കോടതിയുടെ ഉത്തരവും ഇതിനകം വന്നുകഴിഞ്ഞിരിക്കുന്നു. ഏതായാലും ലോകത്ത് പലയിടത്തും വിജയകരമായി മാറിയ പലിശരഹിത ബാങ്കുകൾ ഇന്ത്യയെ സംബന്ധിച്ചേടത്തോളം യാഥാർഥ്യമാകാൻ ഉടനെയൊന്നും സാധ്യതകളില്ല എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

ഇത്തരമൊരു സാഹചര്യത്തിലാണ് നിലവിലുള്ള നിയമവ്യവസ്ഥയിൽ നിന്നുകൊണ്ടുതന്നെ പൂർണമായ അർഥത്തിലുള്ള പലിശരഹിത ബാങ്കുകൾ നമ്മുടെ നാട്ടിൽ എത്രമാത്രം സാധ്യവും പ്രായോഗികവുമാവും എന്ന പഠനങ്ങളും അന്വേഷണങ്ങളും നടത്തപ്പെടുന്നത്.

### നിയമപരിധിയിൽനിന്ന് കൊണ്ടുള്ള ബദലന്വേഷണങ്ങൾ

പ്രധാനമായും രണ്ട് പ്രശ്നങ്ങളാണ് ഇന്ത്യയിൽ ഇസ്ലാമിക് ബാങ്കുകൾ നിയമപരമായി നേരിടുന്നത്. ഒന്നാമതായി, നിലവിലെ നിയമമനുസരിച്ച് ഇന്ത്യയിൽ മേൽപറഞ്ഞ പലിശരഹിത സ്ഥാപനങ്ങൾക്കൊന്നും തന്നെ മറ്റു പലിശാധിഷ്ഠിത ബാങ്കുകൾ ചെയ്യുന്ന രീതിയിൽ ജനങ്ങളിൽ നിന്നും പണം സ്വീകരിക്കുന്നതിനാവശ്യമായ അക്കൗണ്ടുകൾ ആരംഭിക്കാനോ അതിന്റെ അടിസ്ഥാനത്തിൽ ചെക്കിടപാടുകൾ അടക്കമുള്ള സാമ്പത്തിക ഇടപാടുകൾ നടത്താനോ സാധ്യമല്ല. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ 21–ാം വകുപ്പ് എല്ലാ നിക്ഷേപങ്ങൾക്കും പലിശ നിർബന്ധമായും നൽകണമെന്ന് നിഷ്കർഷിക്കുന്നു. അതനുസരിച്ച് പലിശരഹിത നിക്ഷേപങ്ങൾ ഒരുതരത്തിലും അനുവദിക്കപ്പെടുന്നതല്ല.

രണ്ടാമതായി, ആധുനിക ഇസ്ലാമിക് ബാങ്കുകളുടെ പ്രധാന ഇടപാടുകളും വിജയ രഹസ്യവുമായ അൽവദീഅ (Safe Keeping), മുദാറബ (Profit Sharing), മുശാറക (Joint Venture), ഇജാറ (Leasing), ഇസ്തിസ്ന (Leasing, buy back), മുറാബഹ (Sale of goods with a fixed rate of profit) തുടങ്ങിയ പ്രധാനപ്പെട്ട ഇടപാടുകളൊന്നും തന്നെ 'ബാങ്കിംഗ് റഗുലേഷൻ ആക്ടി'ന്റെ 5,6,9,21 വകുപ്പുകൾ പ്രകാരം അനുവദനീയമല്ല എന്നാണ് പത്രവാർത്തകളിലൂടെയും വിവരാവകാശ നിയമപ്രകാരവും ഭാഗികമായി വെളിച്ചത്ത് വന്ന റിസർവ് ബാങ്കിന്റെ മേൽപറഞ്ഞ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാനാവുന്നത്. ഇതിനെല്ലാം പുറമെ മേൽപറഞ്ഞ നിയമസാഹചര്യങ്ങളുമായി ബന്ധപ്പെട്ടുവരുന്ന കാരണങ്ങളാൽ കേന്ദ്ര, സംസ്ഥാന വിൽപന നികുതി നിയമങ്ങൾ ഇസ്ലാമിക ബാങ്കുകളുടെ എല്ലാ ഇടപാടുകൾക്കും ബാധകമായിരിക്കുകയും ചെയ്യും. സാമ്പ്രദായിക ബാങ്കുകളുടെയും ഇസ്ലാമിക് ബാങ്കുകളുടെയും ഈ അടിസ്ഥാന വ്യവഹാരങ്ങൾ നടപ്പാക്കാനാവാത്ത സാഹചര്യത്തിൽ ഇസ്ലാമിക ബാങ്കിന്റെ പ്രവർത്തന വിജയം ഒരു കാലത്തും ഉറപ്പാക്കാൻ സാധിക്കുകയില്ല.

നിയമപരമായ പരിഹാരമല്ലാതെ മറ്റു പരിഹാരങ്ങൾ ഒന്നുംതന്നെ ഇക്കാര്യത്തിലില്ല എന്ന് സുവ്യക്തമാണ്. നിലിവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ പുതിയ നിയമനിർമാണം നടത്തുകയോ ആണ് പോംവഴി. കേന്ദ്ര നിയമമന്ത്രാലയത്തിന്റെ ഏറ്റവും ഒടുവിലത്തെ വെളിപ്പെടുത്തലുകളിൽനിന്നും അത്തരത്തിലുള്ള സാധ്യതകൾ അടുത്തൊന്നും പ്രതീക്ഷിക്കേണ്ടതില്ല എന്നുതന്നെ വേണം മനസ്സിലാക്കാൻ.

ഇത്തരമൊരു നിയമസാഹചര്യത്തിൽ വിദേശങ്ങളിൽ പ്രവർത്തന വിജയം നേടിയ ഇസ്ലാ

മിക് ബാങ്കിംഗ് ഇവിടെ എത്രത്തോളം സാധ്യമാണ് എന്ന അന്വേഷണം പലിശരഹിത ബാങ്കിംഗ് എന്ന സങ്കൽപത്തെ അതിന്റെ മുഴുവൻ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാധ്യമാക്കുംവിധം അപാര സാധ്യതകളുള്ള അതിശക്തമായ മറ്റൊരു ജനകീയ ബദലിലേക്ക് എല്ലാ അർഥത്തിലും കൊണ്ടെത്തിക്കുകയാണെന്ന് പറയാം.

**സഹകരണ പ്രസ്ഥാനം എന്ന ബദൽ**

യൂറോപ്പിൽ വ്യവസായ വിപ്ലവത്തെത്തുടർന്നുണ്ടായ രൂക്ഷമായ തൊഴിലില്ലായ്മയുടെയും പട്ടിണിയുടെയും പശ്ചാത്തലത്തിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്ന റോബർട്ട് ഓവൻ തുടങ്ങിയ സോഷ്യലിസ്റ്റുകളുടെ നേതൃത്വത്തിൽ വ്യവസായ ശാലകളിലെ തൊഴിലാളികളാണ് 1830–കളിൽ സഹകരണ പ്രസ്ഥാനത്തിന് രൂപം നൽകിയത്. വളരെ വൈകാതെതന്നെ എഡ്വേർഡ് വാൻസിറ്റാർട്ടി (Edward Vansittart Neale)നെ പോലുള്ള ക്രിസ്ത്യൻ സോഷ്യലിസ്റ്റുകളുടെ ശ്രമഫലമായി ഈ പ്രസ്ഥാനം ഭാവിയിലെ വെല്ലുവിളികളെ അതിജീവിക്കാനുതകും വിധത്തിലുള്ള അടിസ്ഥാന പ്രമാണങ്ങളും ഘടനാപരമായ ഭദ്രതയും സാർവദേശീയ സ്വഭാവവും കൈവരിച്ചു. 1844–ൽ 'റോക്ക്ഡേയ്ൽ പയനീർ കോപറേറ്റീവ് സൊസൈറ്റി' (Rochdale Society of Equitable Pioneers) രൂപപ്പെടുത്തിയ സഹകരണ തത്ത്വങ്ങളാണ് വലിയ മാറ്റങ്ങളില്ലാതെ സാർവദേശീയ സഹകരണ പ്രസ്ഥാന(International Co-operative Alliance-ICA)ത്തിന്റെ അടിസ്ഥാന പ്രമാണമായ 'റോക്ക്ഡേയിൽ പ്രിൻസിപ്പ്ൾസ്' എന്ന പേരിൽ ഇന്നും വർത്തിക്കുന്നത് എന്നതിൽനിന്നുതന്നെ സഹകരണ പ്രസ്ഥാന തത്ത്വങ്ങളുടെ ശാസ്ത്രീയതയും സാർവകാലികതയും വ്യക്തമാകുന്നതാണ്.

ഇന്ന് വികസിത രാജ്യങ്ങളായ ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, സ്പെയിൻ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലുമടക്കം ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലുമായി വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലകളിലും ഭീമൻ കോർപറേറ്റുകളെയടക്കം വെല്ലുംവിധം പതിനായിരക്കണക്കിന് പ്രഫഷണലുകളും വിദഗ്ധ തൊഴിലാളികളുമായി അതിവിജയകരമായി പ്രവർത്തിച്ചുവരുന്ന നിരവധി സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയെല്ലാം തന്നെ ഏറ്റവും മാന്യവും അന്തസ്സാർന്നതുമായ ഒരു ജീവിതനിലവാരം അതിലെ അംഗങ്ങൾക്കും തൊഴിലാളികൾക്കും നൽകുന്നു. അതോടൊപ്പം പരമാവധി ചൂഷണ വിമുക്തവും മാനുഷികവുമായ ഒരു വികസന സംസ്കാരം അതത് നാടുകളിൽ സമാന്തരമായി വളർത്തിക്കൊണ്ട് വരികയും ചെയ്യുന്നു.

സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളായ സ്വാതന്ത്ര്യം, സ്വാശ്രയത്വം, സഹകരണം, സമർപ്പണം, പരസ്പര വിശ്വാസം, സുതാര്യത, അറിയാനും അറിയിക്കാനുമുള്ള അവകാശം തുടങ്ങിയ ഉന്നത ജീവിതമൂല്യങ്ങളും, അവ കാലാകാലങ്ങളിൽ നിറവേറ്റപ്പെടുന്നതിനായി ശാസ്ത്രീയമായി വാർത്തെടുത്ത അതിന്റെ ഘടനാപരമായ ഭദ്രതയും ലാളിത്യവുമെല്ലാമാണ് സഹകരണ പ്രസ്ഥാനത്തെ ഇസ്‌ലാമിക സാമൂഹിക താൽപര്യങ്ങളുടെ സമകാലിക സാക്ഷാത്കാരത്തിന് അനുഗുണമാക്കുന്നത്. ദൈവ പ്രോക്തമായ മാനുഷിക നന്മകൾ സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും ശക്തിയുമായി വർത്തിച്ചതിനു പിന്നിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ ക്രിസ്ത്യൻ സോഷ്യലിസ്റ്റുകളുടെ പങ്ക് വളരെ വലുതാണ്.

**ഇന്ത്യയിലെ സഹകരണ മുന്നേറ്റം**

ഗ്രാമങ്ങളുടെ നാടായ ഇന്ത്യയിൽ ഗ്രാമീണ കർഷകരെ ചെറുതും വലുതുമായ പലിശക്കാരുടെ നീരാളിപ്പിടുത്തത്തിൽനിന്നും രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ 1878–ൽ തന്നെ സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിരുന്നു. 1904–ൽ ആദ്യ സഹകരണ നിയമം പാസ്സാക്കപ്പെടുകയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ പിന്തുണയോടു കൂടി ഗ്രാമീണ സഹകരണ ബാങ്കുകൾ അടക്കമുള്ള സംരംഭങ്ങൾ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. എന്നാൽ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷമാണ് ശക്തമായ രീതിയിൽ സഹകരണ സംഘങ്ങൾ ഇന്ത്യയിൽ വളർന്നു വികസിക്കുന്നത്. ഇന്ത്യൻ സഹകരണ രംഗം, കൃഷി, കാർഷിക വ്യവസായം, തോട്ടകൃഷി (Horticulture), ക്ഷീര വ്യവസായം, ഗ്രാമീണ വൈദ്യുതി, വിവര സാങ്കേതിക വിദ്യ, ബാങ്കിംഗ്, മനുഷ്യ വിഭവങ്ങൾ (HRD) തുടങ്ങി ആധുനിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശക്തമായ സാന്നിധ്യമായി ലോകത്തിലെ ഏറ്റവും വലിയ സഹകരണ പ്രസ്ഥാനം മാറിയിരിക്കുന്നു. രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയുടെ അടിസ്ഥാന ഘടകമായും ദേശീയ സമ്പദ്‌വ്യവസ്ഥയുടെ നിർണായക പിൻബലമായും സഹകരണ

പ്രസ്ഥാനം ഇന്ന് വർത്തിക്കുന്നു.

കേരളത്തിലെ സഹകരണ പ്രസ്ഥാന ചരിത്രം കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ വികാസങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. ലോകത്തിന് മുഴുവൻ മാതൃകയെന്ന് വിശേഷിപ്പിക്കപ്പെട്ട കേരള മോഡൽ വികസനത്തിന് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വലുതാണ്. കേരളത്തിന്റെ സവിശേഷമായ രാഷ്ട്രീയ വളർച്ചയിൽ ചെറുതല്ലാത്ത പങ്കാണ് സഹകരണ പ്രസ്ഥനത്തിനുള്ളത്. ഇവിടത്തെ മിക്കവാറും എല്ലാ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളും, ഇടതുപക്ഷം പ്രത്യേകിച്ചും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി സഹകരണ മേഖലയെയാണ് പ്രധാനമായും ആശ്രയിച്ചിട്ടുള്ളതും ആശ്രയിച്ചുകൊണ്ടിരിക്കുന്നതും. കേരളത്തിന്റെ പ്രത്യേകമായ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ സാഹചര്യങ്ങളാൽ സഹകരണ സംഘങ്ങളുടെ ഭാവി സാധ്യതകൾ അനന്തമായി കിടക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശക്തമായ ചുവടുവെപ്പുകളാണ് സഹകരണ മേഖല അടുത്ത കാലത്തായി നടത്തിയിരിക്കുന്നത്.

### സഹകരണനിയമവും പലിശരഹിത ബാങ്കിംഗും

രാജ്യത്തെ സഹകരണ ബാങ്കുകൾ അടക്കമുള്ള മുഴുവൻ സഹകരണ സംഘങ്ങളും ഒരേകീകൃത സഹകരണ നിയമത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത്. രാജ്യത്തെ നിയമ സാഹചര്യങ്ങളിൽ തികച്ചും സവിശേഷമായ ഈ നിയമം സഹകരണ സംഘങ്ങൾക്ക് പ്രത്യേകമായ സ്വാശ്രയത്വവും സ്വയം നിർണയാധികാരവും നൽകുന്നു. സഹകരണ നിയമത്തിനു കീഴിൽ വരുന്ന സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെയോ 'ബാങ്കിംഗ് റഗുലേഷൻ ആക്ടി'ന്റെയോ പരിധിയിൽ വരുന്നില്ല എന്നതാണ് ഇസ്‌ലാമിക ബാങ്കുകളുടെ സ്ഥാപനത്തിനും പ്രവർത്തനങ്ങൾക്കും സാധ്യതകൾ നൽകുന്നത്. കേരളത്തിലെ സഹകരണ ബാങ്കുകളുടെ വളർച്ച മറ്റു ബാങ്കുകളുടെ വളർച്ചക്ക് വിഘാതമാകുന്നേടത്തോളം എത്തുകയും റിസർവ് ബാങ്ക് അതിൽ ഇടപെടാൻ ശ്രമിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിലെ സഹകരണ മന്ത്രി നടത്തിയ 'ഇന്ത്യൻ റിസർവ് ബാങ്കിനെ നിയമം മൂലം നിലക്ക് നിർത്താ'മെന്ന പ്രസ്താവന സഹകരണ ബാങ്കുകളുടെ ശക്തിയും വളർച്ചയും വ്യക്തമാക്കുന്നതാണ്.

സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളും ലക്ഷ്യങ്ങളും ഇസ്‌ലാമിന്റെ തന്നെ ജീവിത മൂല്യങ്ങളോടും സാമൂഹിക താൽപര്യങ്ങളോടും അത്ഭുതകരമായ രീതിയിൽ ഇണങ്ങി നിൽക്കുന്നു എന്നതും സഹകരണ ബാങ്കുകളുടെ സാമൂഹിക ഇടപെടലിന്റെ വിവിധങ്ങളായ സാധ്യതകളും ഇന്ത്യയിലെ ഇസ്‌ലാമിക/ പലിശരഹിത ബാങ്കുകളുടെ പരിപൂർണ വിജയത്തിനും ജനകീയവത്കരണത്തിനും പ്രതീക്ഷയേറ്റുന്നവയാണ്.

### ചരിത്ര ദൗത്യം തിരിച്ചറിയുക

വ്യാവസായിക വിപ്ലവത്തെത്തുടർന്ന് യൂറോപ്പ് നേരിട്ടതിനേക്കാൾ കടുത്ത പ്രതിസന്ധിയിലേക്കാണ് ആഗോളവത്കൃത ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത്. വികസിത, അവികസിത രാജ്യങ്ങളെന്ന വേർതിരിവില്ലാതെ തന്നെ തൊഴിൽ, പാർപ്പിടം, കുടിവെള്ളം, ഭക്ഷണം തുടങ്ങിയവയുടെ കാര്യത്തിൽ പ്രതിസന്ധികളാണ് സാധാരണ ജനം നേരിട്ടുകൊണ്ടിരിക്കുന്നതും നേരിടാനിരിക്കുന്നതും. അമേരിക്കയടക്കമുള്ള പടിഞ്ഞാറൻ രാജ്യങ്ങളിലെ തൊഴിലാളികൾ മാത്രമല്ല സർവകലാശാല പഠനം പൂർത്തിയാക്കിയ ചെറുപ്പക്കാർ പോലും 'തൊഴിൽ തരൂ, ഭക്ഷണം തരൂ' എന്നെഴുതിയ ബോർഡുകൾ കഴുത്തിൽ തൂക്കി നടന്നു നീങ്ങുന്ന വാർത്തകളും ചിത്രങ്ങളും അവരുടെ തന്നെ വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്ത തൊഴില്ലായ്മയാണ് മുതലാളിത്ത രാജ്യങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

മൂന്നാം ലോക രാജ്യങ്ങളടക്കമുള്ള മറ്റു രാജ്യങ്ങളിലാകട്ടെ വിലക്കയറ്റത്തെയും ദാരിദ്ര്യത്തെയും പട്ടിണിയെയും എങ്ങനെ നേരിടണമെന്നറിയാതെ സർക്കാരും ജനങ്ങളും നട്ടം തിരിയുകയാണ്. സാധാരണക്കാരുടെ ഭാവി കൂടുതൽ ദുസ്സഹമാകുന്നതിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് പഠനങ്ങൾ പറയുന്നു.

മുതലാളിത്ത ചൂഷണത്തിനെതിരെ സന്ധിയില്ലാ സമരം നടത്തി ഒരു പരിധിവരെ വിജയിച്ച ലോക കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ പിന്നീട് ആശയതലത്തിലും പ്രായോഗിക തലത്തിലും നേരിട്ട ആന്തരിക വൈരുധ്യങ്ങളും പ്രതിസന്ധികളും കാരണമായി നിർജീവമാവുകയോ മുതലാളിത്തവുമായി രാജിയാവുകയോ ചെയ്ത ഒരു കാലഘട്ടത്തിലാണ് കാര്യമായ തടസ്സങ്ങളോ

കേന്ദ്രീകൃതമായ ചെറുത്തുനിൽപുകളോ നേരിടാതെ മുതലാളിത്തം അതിന്റെ ആഗോളവത്കരണ ആധുനികോത്തര ചൂഷണം ആരംഭിക്കുന്നത്.

വ്യവസായവത്കരണാനന്തര ആധുനിക മുതലാളിത്തത്തിൽനിന്നും വ്യത്യസ്തമായി, ആഗോളവത്കരണ ഉത്തരാധുനിക മുതലാളിത്തം മനുഷ്യന്റെ അധ്വാനത്തെ മാത്രമല്ല ആയിരക്കണക്കിന് വർഷങ്ങളിലൂടെ മനുഷ്യൻ ആർജിച്ചെടുത്ത നാഗരികതകളെയും സംസ്കാരത്തെയും എന്നു വേണ്ട അവന് സ്വന്തമെന്ന് പറയാവുന്ന സകലതിനെയും വിറ്റും നശിപ്പിച്ചും കാശാക്കിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് എങ്ങും കാണാനുള്ളത്. അങ്ങനെ ആഗോള മുതലാളിത്തം നാനാരൂപങ്ങളിൽ മനുഷ്യരാശിയുടെയും ഈ ഭൂമിയുടെ തന്നെയും അസ്തിത്വത്തിന് വെല്ലുവിളിയാകുന്ന ഒരു കാലഘട്ടത്തിൽ സമൂഹിക പ്രതിബദ്ധതയുള്ള ഏതൊരു പ്രസ്ഥാനത്തിനും അതിന്റെ ചരിത്രപരമായ ദൗത്യം ഏറ്റെടുക്കാതെ നിർവാഹമില്ല.

**ആഗോളവത്കരണകാലത്തെ ജനകീയ ബദൽ**

സഹകരണ പ്രസ്ഥാനം ആഗോള മുതലാളിത്തത്തിന്റെ പുത്തൻ സാമ്പത്തിക നയങ്ങളോടും കുത്തക വണിക്കുകളോടും നടത്തുന്ന ജനകീയ ചെറുത്തുനിൽപ് നാം കണ്ട് ശീലിച്ച പ്രഫഷണലിസം തൊട്ടുതീണ്ടാത്ത കക്ഷി രാഷ്ട്രീയത്തിന്റെ സാമ്പ്രദായിക രീതികളിലൂടെയല്ലായെന്നും, മറിച്ച് ആധുനിക വ്യാവസായിക ലോകത്തെ സമസ്ത മേഖലകളിലും വമ്പൻ കോർപ്പറേറ്റുകളോട് കിടപിടിക്കുന്ന അത്യാധുനികമായ മുഴുവൻ സാങ്കേതിക തികവോടും പ്രഫഷണലിസത്തോടും കൂടിയുമാണെന്ന് മനസ്സിലാക്കാൻ സ്പെയ്നിലെ 'മോണ്ട്റാഗ'നെയോ യൂഗോസ്ലാവ്യയിലെ 'വർക്കേഴ്സ് കൗൺസി'ലിനെയോ പോലുള്ള യൂറോപ്പിലെ ഏതെങ്കിലുമൊരു പ്രസ്ഥാനത്തെ മാത്രം പഠിച്ചാൽ മതിയാകും. വിദ്യാഭ്യാസ വിവര സാങ്കേതിക മേഖലകളിലടക്കം വൻ കുതിച്ച് ചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം നിരവധി സഹകരണ സംഘങ്ങളെ യൂറോപ്പിലുടനീളം കാണാനാകും. 'ഗുജറാത്ത് കോ– ഓപ്പറേറ്റീവ് മിൽക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (അമുൽ ഇന്ത്യ)നെപ്പോലുള്ള സംഘങ്ങളുടെ വലിയ വിജയങ്ങൾ ഇന്ത്യയിലും ചൂണ്ടിക്കാണിക്കാനുണ്ട്.

നന്മയും സഹാനുകമ്പയും സാമൂഹിക പ്രതിബദ്ധതയും വിശ്വാസപരമായ ബാധ്യതയും കൂടിയുള്ള മുസ്‌ലിം സമുദായം തങ്ങളുടെ സാമൂഹിക ബാധ്യതകൾ നിറവേറ്റുന്നതിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്കും സാധ്യതകളും വേണ്ടി രീതിയിൽ തിരിച്ചറിഞ്ഞിട്ടില്ല. ഈ പ്രസ്ഥാനത്തിന്റെ സാധ്യതകൾ ഉൾക്കൊണ്ട് സമുദായം വളരെ ശക്തമായി ഈ രംഗത്തേക്ക് കടന്നുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കേരളീയ സമൂഹത്തിൽ സമുദായത്തിന്റെ ചെറുതല്ലാത്ത സാന്നിധ്യവും അതിന്റെ നന്മേഛയും സഹകരണ പ്രസ്ഥാനവുമായി കൈകോർത്താൽ വലിയൊരു സാമൂഹിക വിപ്ലവത്തിനായിരിക്കും നമ്മുടെ നാട് സാക്ഷ്യം വഹിക്കുക. യഥാർഥ ജനകീയ പ്രസ്ഥാനങ്ങളുടെ ജനാധിപത്യ ഇടപെടലുകളുടെ കാലഘട്ടത്തിൽ പാർമെന്ററി ജനാധിപത്യത്തിന്റെയും ഭരണത്തിന്റെയും സമ്പൂർണ 'മിനിയച്ചർ' എന്ന നിലയിലും സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെടേണ്ടതുണ്ട്.

ഒരേസമയം ജീവിതത്തിന്റെയും ബിസിനസ്സിന്റെയും ശാസ്ത്രമാണ് സഹകരണ പ്രസ്ഥാനം. ജാതിമത ഭേദമന്യെ മുഴുവൻ ജനങ്ങളുടെയും സാമൂഹിക സാമ്പത്തിക വളർച്ചയുടെ ഏറ്റവും ശക്തമായ ഉപകരണമാണത്. ജനാധിപത്യവും മാനുഷികതയുമാണ് അതിന്റെ ശക്തി. യാതൊരു ദാക്ഷിണ്യവുമില്ലാത്ത ചൂഷണത്തിന്റെ മുതലാളിത്ത ലോകത്ത് സമൂഹത്തിലെ പാർശ്വവത്കൃതരും അവഗണിക്കപ്പെട്ടവരുമായ എല്ലാ വിഭാഗം ജനങ്ങൾക്കും സ്വന്തമായ വിദ്യാഭ്യാസത്തിലൂടെയും വിവിധങ്ങളായ ജീവിതായോധനങ്ങളിലൂടെയുമുള്ള സ്വത്വവികാസത്തിന്റെയും സാമൂഹിക വളർച്ചയുടെയും മുഴുവൻ ഇടങ്ങളും സഹകരണ പ്രസ്ഥാനം വാഗ്ദാനം ചെയ്യുന്നു. ഏതൊരു ജനവിരുദ്ധ സർക്കാറിനും അവഗണിക്കാനാവാത്ത ശക്തിയും സാന്നിധ്യവുമായി ഇന്ന് സഹകരണ പ്രസ്ഥാനം വളർന്നു കഴിഞ്ഞിട്ടുണ്ട്. പ്രശ്നം ജനങ്ങൾ ഈ പ്രസ്ഥാനത്തെ ഇവ്വിധം ഉപയോഗിക്കാൻ സന്നദ്ധരാകുന്നുണ്ടോ എന്നത് മാത്രമാണ്. ജനാധിപത്യ സർക്കാറുകൾ തന്നെ പൊതുമേഖലയെ കൈയൊഴിഞ്ഞുകൊണ്ടിരിക്കുന്ന, സ്വകാര്യമേഖല പൊതുമേഖലയെയും പൊതുജനത്തെതന്നെയും ദിനംപ്രതി വിഴുങ്ങിക്കൊണ്ടിരിക്കുന്ന, മൂലധനവും മുതലാളിത്തവും ലാഭക്കൊതിയുടെ മുഴുവൻ ദംഷ്ട്രകളും പുറത്തെടുത്ത് വിശ്വരൂപമാർന്ന് ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, ചൂഷണോപാധിയായി ജനാധിപത്യ സംവിധാനങ്ങളെ മുതലാളിത്തം ഉപയോഗിക്കുന്നുവെങ്കിൽ,

അതേ ജനാധിപത്യത്തിന്റെ യഥാർഥ ശക്തിയും ചൈതന്യവും കൊണ്ട് തന്നെ മുതലാളിത്തത്തെ ഫലപ്രദമായി ചെറുക്കാനാവുമെന്ന് സഹകരണ പ്രസ്ഥാനം ലോകത്തിന് കാണിച്ചു കൊടുക്കുന്നു. സഹകരണ പ്രസ്ഥാനം തീർച്ചയായും വ്യവസ്ഥിതിയുടെ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരമല്ല. മറിച്ച് വ്യവസ്ഥയുടെ അനീതികൾക്കെതിരായ വിജയപ്രദമായ ചെറുത്തുനിൽപാണ്; ജനാധിപത്യ യുഗത്തിലെ ചില ശാശ്വത പരിഹാരങ്ങളിലേക്കുള്ള കളരിയും ചവിട്ടുപടിയും. ■

nasrulaslam@gmail.com

(കേരള ഹൈക്കോടതിയിൽ അഡ്വക്കേറ്റായിരുന്ന ലേഖകൻ ഇപ്പോൾ ഖത്തറിൽ ഒരു ഐ.ടി കമ്പനിയിൽ ജനറൽ മാനേജരായി ജോലി ചെയ്യുന്നു).